പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4595

29/6/2012 -ൽ മറുപടിയ്ക്ക്

മുനിസിപ്പാലിറ്റി രൂപീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. മഞ്ഞളാംകുഴി അലി, ( ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (എ) സംസ്ഥാനത്തെ നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളോട് ചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 ക്യു അനുച്ഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിൻെറ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം; |
| (ബി) പഞ്ചായത്തുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) കേരള പഞ്ചായത്ത്രാജ് നിയമ പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ ഭുപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിൻെറ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന |

മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല. ആയതിനാൽ പുതിയ മുനിസിപ്പാലിറ്റികൾ രൂപികരിക്കൽ ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.

സെക്ഷൻ ആഫീസർ